## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1893** **13-02-2025 - ൽ മറുപടിയ്ക്ക്**

## കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള സ്റ്റേഡിയം നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരും, നിലവിലെ സർക്കാരും അധികാരത്തിൽ വന്നശേഷം കിഫ്ബി ഫണ്ട് ഉപയോഗിച്ച് എത്ര സ്റ്റേഡിയങ്ങൾ നിർമ്മിച്ചിട്ടുണ്ടെന്നും ആയതിന്റെ നിർമ്മാണത്തിനായി എസ്.പി.വി. ആയി ആരെയൊക്കെയാണ് നിയോഗിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (എ) | മുൻ സർക്കാരും നിലവിലെ സർക്കാരും അധികാരത്തിൽ വന്നശേഷം കിഫ്ബി ഫണ്ട് ഉപയോഗിച്ച് 18 സ്റ്റേഡിയങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ടി സ്റ്റേഡിയങ്ങളുടെ നിർമ്മാണം പൂർത്തിയാക്കിയത് മുൻ എസ്.പി.വി. ആയ കിറ്റ്കോ ആയിരുന്നു. |
| (ബി) | സ്റ്റേഡിയം നിർമ്മാണം എവിടെയൊക്കെ പൂർത്തീകരിച്ചുവെന്നും ഈ വർഷം പൂർത്തീകരിക്കാൻ കഴിയുന്ന എത്ര സ്റ്റേഡിയങ്ങളുണ്ടെന്നും വ്യക്തമാക്കുമോ? | (ബി) | പൂർത്തീകരിച്ച സ്റ്റേഡിയങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖാന്തിരം പത്തനംതിട്ട ബ്ലസ്സൻ ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, പാലക്കാട് ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം തോമസ്സ് സെബാസ്റ്റ്യൻ ഇൻഡോർ സ്റ്റേഡിയം ഇടവ, എറണാകുളം ഒളിമ്പ്യൻ ചന്ദ്രശേഖരൻ ഇൻഡോർ സ്റ്റേഡിയം എന്നീ നാല് പ്രോജക്ടുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ പത്തനംതിട്ട ജില്ലാ സ്റ്റേഡിയം ഈ സാമ്പത്തിക വർഷം പൂർത്തിയാകുന്നതാണ്.<br><br>കിറ്റ്കോ മുഖാന്തരം നിർമ്മിക്കുന്ന ഇടുക്കി കെ.പി.തോമസ് ഇൻഡോർ സ്റ്റേഡിയം, തൃക്കരിപ്പൂർ എം.ആർ.സി കൃഷ്ണൻ ഇൻഡോർ സ്റ്റേഡിയം, ലാലൂർ ഐ.എം.വിജയൻ ഇൻഡോർ സ്റ്റേഡിയം എന്നിവ ഈ സാമ്പത്തിക വർഷം പൂർത്തിയാക്കുവാൻ സാധിക്കും എന്നാണ് കിറ്റ്കോ കിഫ്ബിയെ അറിയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

<u>പൂർത്തീകരിച്ച കിഫ്ബി പദ്ധതികൾ</u>

| നം | പദ്ധതിയുടെ പേര് | പദ്ധതിയുടെ പുരോഗതി |
|---|---|---|
| 1 | കൂത്തുപറമ്പ് മുനിസിപ്പൽ സ്റ്റേഡിയം, കണ്ണൂർ | പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | ചാലക്കുടി മുനിസിപ്പൽ സ്റ്റേഡിയം, തൃശ്ശൂർ | പ്രവൃത്തി പൂർത്തീകരിച്ചു. |
| 3 | നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം, കാസർഗോഡ് | പ്രവൃത്തി പൂർത്തീകരിച്ചു. |
| 4 | കൊടുമൺ സ്റ്റേഡിയം, പത്തനംതിട്ട | പ്രവൃത്തി പൂർത്തീകരിച്ചു. |
| 5 | പറളി സ്കൂൾ, പാലക്കാട് | പ്രവൃത്തി പൂർത്തീകരിച്ചു. |
| 6 | എടപ്പാൾ ഗവ. എച്ച്.എസ്സ്.എസ്സ്, മലപ്പുറം | പ്രവൃത്തി പൂർത്തീകരിച്ചു. |
| 7 | തിരുമിറ്റക്കോട് ചാത്തന്നൂർ എച്ച്.എസ്.എസ്, പാലക്കാട് | പ്രവൃത്തി പൂർത്തീകരിച്ചു. |
| 8 | മട്ടന്നൂർ സ്റ്റേഡിയം, കണ്ണൂർ | പ്രവൃത്തി പൂർത്തീകരിച്ചു. |
| 9 | തലശ്ശേരി വി.ആർ. കൃഷ്ണയ്യർ സ്റ്റേഡിയം, കണ്ണൂർ | പ്രവൃത്തി പൂർത്തീകരിച്ചു. |
| 10 | പ്രീതികുളങ്ങര സ്കൂൾ സ്റ്റേഡിയം, ആലപ്പുഴ | പ്രവൃത്തി പൂർത്തീകരിച്ചു. |
| 11 | നടുവണ്ണൂർ വോളീബോൾ അക്കാദമി, കോഴിക്കോട് | പ്രവൃത്തി പൂർത്തീകരിച്ചു. |
| 12 | വയനാട് ജില്ലാ സ്റ്റേഡിയം (ജിനചന്ദ്ര സ്റ്റേഡിയം) | പ്രവൃത്തി പൂർത്തീകരിച്ചു. |
| 13 | സി.കെ. ഓംകാരനാഥൻ ഇൻഡോർ സ്റ്റേഡിയം, വയനാട് | പ്രവൃത്തി പൂർത്തീകരിച്ചു. |
| 14 | ധർമ്മടം അബു ചാത്തുക്കുട്ടി സ്റ്റേഡിയം, കണ്ണൂർ | പ്രവൃത്തി പൂർത്തീകരിച്ചു. |
| 15 | താനൂർ സ്റ്റേഡിയം, മലപ്പുറം | പ്രവൃത്തി പൂർത്തീകരിച്ചു. |
| 16 | പുനലൂർ മുനിസിപ്പൽ സ്റ്റേഡിയം, കൊല്ലം | പ്രവൃത്തി പൂർത്തീകരിച്ചു. |
| 17 | മേപ്പയ്യൂർ സ്കൂൾ, കോഴിക്കോട്, | പ്രവൃത്തി പൂർത്തീകരിച്ചു. |
| 18 | വടകര ഇൻഡോർ സ്റ്റേഡിയം. കോഴിക്കോട്<br>ശ്രീനാരായണ നഗരം ഇൻഡോർ സ്റ്റേഡിയം | പ്രവൃത്തി പൂർത്തീകരിച്ചു. |

Jayasree P Pillai

**സെക്ഷൻ ഓഫീസർ**

**സെക്ഷൻ ഓഫീസർ**